# അടിവരസൂക്തങ്ങൾ

[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

സമ്മാനപ്പൊതി തുരന്നു വായിക്കാൻ
അഭിനിവേശത്തിന്റെ മിശ്രലഹരിയിൽ
മുഖത്താളിലെ അക്കപ്പൂട്ടിൽ തടവി
ഗൂഢസന്ദേശ കാവ്യമഴയിൽ മുങ്ങി.
ശാകുന്തളത്തിന്റെ ഒരേ പതിപ്പ്
ശ്രദ്ധയുടെ ശാർദ്ദൂലദന്തത്താൽ
നാം കടിച്ചുകീറിയിരിക്കുന്നു.
വെളിപാടിന്റെ രഹസ്യ മുദ്രണത്തിൽ
*നിഷ്ഠൂരമൃഗവും നിത്യതേവിടിശ്ശിയും*
നെറ്റിയിൽ 666-ന്റെ പച്ചകുത്തിക്കലിയിൽ
അഴുക്കുവെള്ളച്ചാൽ കോരിയിരിക്കുന്നു.
കുനുകുനെ പാർശ്വങ്ങളിൽ കുറിച്ച
നാം മാത്രമറിയുന്ന സൂത്രവാക്യങ്ങൾ
ബീജഗണിതഭാഷയിൽ നിർദ്ധാരണം കാക്കുന്നു:
പരസ്യലിപിയിൽ രഹസ്യസങ്കേതങ്ങൾ;
താന്ത്രിക ആഭിചാരമുറയുടെ സങ്കീർണ്ണതകൾ;
ചതുരംഗക്കളത്തിലെ കണക്കിന്റെ കരുക്കൾ.

രണ്ടും രണ്ടെന്ന് പറഞ്ഞു കേട്ടറിഞ്ഞിട്ടും
കണ്ണടച്ചു ധ്യാനിച്ചിട്ടും വിശ്വാസമില്ലെങ്കിൽ
ശ്ലോകത്തിൽ കഴിച്ച് നാം അടിവരയിട്ട
ഏകത്വമില്ലാത്ത നാനാത്വം ചിതറിയ
ചെറുഖണ്ഡങ്ങളിലെ ചാരുതാവ്വിളിക്കപ്പുറം
അവിശ്വസനീയ ആഴവൈരുദ്ധ്യം പാർക്കുക.

ഒരിക്കൽ ഞാനൊരു പുസ്തകം തരും:
വർണ്ണമഷിയിൽ അടിവരയിടുന്ന ദുശ്ശീലം മറന്ന്
പേനപൂട്ടി എഴുതാത്ത വരിയുടെ വടിവൂറ്റുക;
അല്ലായ്കിൽ, വായനാപ്രണയാവസാനം

വരികൾ കണ്ണുചിമ്മുന്ന ചായം ചമഞ്ഞ്
വരയിട്ട നോട്ടുബുക്ക് പോലെയാകും:
കുറുമ്പടി വരിയായി ചാടിക്കടക്കുന്ന വരയാടുകൾ,
കടിച്ചുകീറുന്ന പുലിനഖ തെങ്ങോലവരിയർ,
പദയാത്രികരുടെ വെള്ളക്കറുപ്പു വരിയങ്കുതിരകൾ.

ഒടുവിലത്തെ രാത്രിവണ്ടിക്കുള്ള വിസിലും അടിച്ചു:
ചുവപ്പുകൊടി താഴുന്നു; പച്ചക്കൊടി ഉയരുന്നു.
അപകടം പതിയിരിക്കുന്ന ശോണിത രേതസ്സ്
അക്കരപ്പച്ചയിലെ ചാത്തൻ സേവയ്ക്കായ്
അറ്റമില്ലാത്ത കടപ്പത്രത്തിൽ ഒപ്പുവെക്കാൻ
അടിവരയിട്ട ക്ഷണിക ക്ഷണക്കത്ത്
അവർ നിനക്കായ് *ജി-മെയിലിൽ* മിനുക്കും:
കാതിലെ കിങ്ങിണി വീണ്ടും അണിഞ്ഞ്
അഴിയാത്ത വരയൻസ്സാരിയുടെ മടക്കുചുളിവുകൾ
ഇടുപ്പെല്ലിലെ ബലഹസ്തത്തിൽ മുറുക്കിച്ചുറ്റി,
തെണ്ടിപ്പട്ടിയുടെ വായ്ക്കുരയ്ക്കു കാതുപൊത്തി,
മടക്കാസ്ത്രമെയ്ത് ഗതിമാറി നീ മടങ്ങിയെത്തും –
കള്ളപ്രവചനങ്ങൾ തോറ്റുതോറ്റം പാടും,
അടിവരയിടാത്ത അർത്ഥദ്ധ്വനികൾ അറിയും,
ശാശ്വതശാന്തി കഥാന്ത്യച്ചിരിയുടെ ശൃംഗത്തിൽ
വിരിയുന്ന വിശുദ്ധ വിചാരവികാരമാകും.
*************************************************************************************